"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനും മറ്റ് അത്യാവശ്യ ചെലവുകളും വഹിക്കുന്നതിനുമായി അധിക ധനാനുമതി മുഖേന അനുവദിച്ച 30,97,712/- രൂപ 2235-02-103-99-00-10-00-N-V (NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.138/2026/WCDD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ 03.11.2025 ലെ KSWB/Estt/2025-26/38 നമ്പർ കത്ത്.

2. 06.03.2026 ലെ സ.ഉ.(സാധാ) നം.2341/2026/ധന നം.ഉത്തരവ്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് വേണ്ടി സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ച 76,20,000/-രൂപ അപര്യാപ്തമായതിനാൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 61-ാം ഖണ്ഡിക പ്രകാരം സാമൂഹ്യ ക്ഷേമ ബോർഡ് അംശദാനം 2235-02-103-99 (നോൺപ്ലാൻ)എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത തുകയായ 2.777 കോടി രൂപ അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ സർക്കാർ വകയിരുത്തി കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് അനുവദിച്ച് നൽകണമെന്ന് പരാമർശം (1) പ്രകാരം കേരള സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് അത്യാവശ്യ ചെലവുകളും വഹിക്കുന്നതിനായി പരാമർശം (2) പ്രകാരം അധിക ധനാനുമതി മുഖേന അനുവദിച്ച 30,97,712/- രൂപ (മുപ്പതു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ്റി പന്ത്രണ്ടു രൂപ മാത്രം) 2235-02-103-99-00-10-00-N-V (NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

1.സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്.
2.അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/ എ&ഇ) കേരളം, തിരുവനന്തപുരം
3.ധനകാര്യ വകുപ്പ് (WCD-1/336/2025-FIN (e:3375321 ) )

4.വെബ് & ന്യൂ മീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5.സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 12-03-2026 12:53:27

സെക്ഷൻ ഓഫീസർ